ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):
ഒരു പിഴയും പിരിച്ചിട്ടില്ല.

വിജയമോഹിനി മില്ലിലെ നൂൽ

* ൧൯൫. (൧൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടെക്സ്റ്റൈൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിജയമോഹിനി മില്ലിലെ നൂലിനു് എക്സ്മില്ലിന്റെ പന്ത്രണ്ടര ശതമാനം ലാഭത്തിൽ വില്ക്കുന്നതിനു് ഗവണ്മെണ്ടിൽനിന്നും അനുമതി നൽകിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു തീയതി മുതൽ ഏതു് തീയതിവരെ;

(ബി) എക്സ്മില്ലിന്റെ ഏതു ശതമാനം ലാഭത്തിലാണു് സഹകരണ സംഘങ്ങൾക്കു വിജയമോഹിനി മില്ലിലെ നൂൽ കൊടുക്കുന്നതിനു് ഗവണ്മെണ്ടു് അനുവദിച്ചിട്ടുള്ളതു്;

(സി) സഹകരണസംഘങ്ങൾക്കു നൂൽ കൊടുക്കുവാൻ വിജയമോഹിനി മില്ലിനു് ഗവണ്മെണ്ടുത്തരവു് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

(ഡി) ഗവണ്മെണ്ടുത്തരവനുസരിച്ചു സഹകരണസംഘങ്ങൾക്കു് വിജയമോഹിനി മില്ലിൽനിന്നും യഥാസമയം നൂലു കൊടുക്കുന്നില്ലാ എന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ; ഇതിൽ ഗവണ്മെണ്ടു് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്നു ദയവായി പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വിജയമോഹനി മില്ലിലെ നൂൽ എക്സ്മിൽ വിലയുടെ പന്ത്രണ്ടര ശതമാനം ലാഭത്തിൽ വിതരണം ചെയ്യുന്നതിനു് ബോംബെ ടെക്സ്റ്റൈറയിൽ കമ്മീഷണരുടെ അനുവാദം അനുസരിച്ചു ഈ ഗവണ്മെണ്ടു് മില്ലിനെ അനുവദിച്ചിട്ടുണ്ടു്. ൧—൯—൧൯൫൪ മുതൽ സഹകരണസംഘങ്ങൾക്കു് പത്തു ശതമാനം ലാഭത്തിൽ നൂൽ വിതരണം ചെയ്യാൻ മില്ലിനു് നിർദ്ദേശം നൽകി. എന്നാൽ ൨൦-ാം നമ്പർ നൂലു മാത്രം ഇയാണ്ടവസാനംവരെ മുമ്പിലത്തെപോലെ വിതരണം നടത്താൻ ഗവണ്മെണ്ടു് അനുവദിച്ചിട്ടുണ്ടു്.

(ബി) എക്സ്മിൽ വിലയുടെ പത്തു ശതമാനം ലാഭത്തിൽ സഹകരണസംഘങ്ങൾക്കു് വില്ക്കാനാണു് നിർദ്ദേശം കൊടുത്തതു്.

(സി) ൧—൯—൧൯൫൪ മുതൽ സഹകരണസംഘങ്ങൾക്കു് നൂൽ കൊടുക്കുവാൻ ടെക്സ്റ്റൈയിൽ ഡിപ്പാർട്ടുമെണ്ടിൽനിന്നും ന.ം—വ്യ—൧൯൫൪-൫൫ൽ ഓർഡർ കൊടുത്തു.

(ഡി) നൂൽ തരുന്നില്ലെന്നു ചില സഹകരണസംഘങ്ങൾ പരാതിപ്പെട്ടതനുസരിച്ചു് മില്ലിനു് ഉടനടി വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു് വിതരണം ചെയ്യിപ്പിച്ചു.

ഉണികൾ

* ൧൯൬. (൧൨൬) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ടെക്സ്റ്റൈൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇവിടെ വന്ന ഉണികൾക്കു് പ്രൈസു് കൺട്രോൾ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുണിത്തരങ്ങൾ മില്ലിൽനിന്നും നേരിട്ട് ശവമ്പെണ്ട് എടുത്തുവില്ക്കുവാനുള്ള മറ്റു പദ്ധതി ഇൻഡ്യാ ഗവമ്പെണ്ട് ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുപോലെ ഇവിടെയും നടത്തുവാനുള്ള സാദ്ധ്യതകളെപ്പറ്റി ഇൻഡ്യാഗവമ്പെണ്ട് ഈ ഗവമ്പെണ്ടുമായി എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഫലം എന്തായി?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ട്. ൧൯൪൮ ആഗസ്റ്റ് മുതൽ തുണിത്തരങ്ങളുടെ വില നിയന്ത്രിച്ചിട്ടുണ്ട്. ൧൯൪൮ ആഗസ്റ്റ് മുതൽ ൧൯൪൯ നവമ്പർവരെ ഓരോ തുണിത്തരങ്ങളുടേയും എക്സ്മിൽ വിലയും ൧൯൪൯ നവമ്പറിനുശേഷം എക്സ്മിൽ വിലയുടെ ൨൫ ശതമാനം കൂട്ടി റീട്ടെയിൽ വിലയും മുദ്രണം ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

പ്രൈമറിസ്കൂൾ ആക്ടിങ് ആശിരിയർ.

‡*800 [14] ശ്രീ. കെ. രാമകൃഷ്ണ ആചാരി: *കീഴ് കുറിപ്പിടുന്ന വിഷയങ്ങൾക്കു കനം കല്വി മന്ത്രി അവർകൾ വിടെ പകർവാർക്കളാക:*

എ. തിരുവിതാങ്കൂറിലുള്ള എല്ലാ ഡിസ്ട്രിക്ടിലും 20-10-1121 മുതൽ 30-6-1949 വരെയിലും വേലെ കിടെക്കാത്ത പ്രൈമറിസ്കൂൾ ആക്ടിങ് ആശിരിയർകൾ എത്തനെ പേർകളിരുക്കിന്റാർകൾ?

ബി. കൊച്ചിയിൽ എന്ത തിയതിവരൈ വേലെ കിടെക്കാത്ത P. D. ആശിരിയർകളുക്കു സ്ഥിരമാക്കപ് പട്ടിരുക്കിറതു?

സി. തിരുവിതാങ്കൂർ പ്രൈമറിസ്കൂൾ ആശിരിയർകളുക്കു സ്ഥിരമാക്കുവതർകാക 28-12-1124-ലുള്ള സ്ടാപ്സ്ടേട്മെന്റു (Staff Statement) കേട്ടതുണ്ടാ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ൩, ൪ ഇവ.

(ബി) ൨—൨൨—൧൯൪൯.

(സി) ഉണ്ട്.

സെക്കണ്ടർ സ്കൂൾ.

‡‡*801 [15] ശ്രീ. കെ. രാമകൃഷ്ണ ആചാരി: *കീഴ് കുറിപ്പിടുന്ന വിഷയങ്ങൾക്കു കനം കല്വി മന്ത്രി അവർകൾ വിടെ പകർവാർക്കളാക:*

എ. സെക്കണ്ടർ സ്കൂൾ എക്രിമെന്റു 1, 2-വതു വകുപ്പുകളിൻപടി (Class Nos. 1 & 2) നാകർകോവിൽ ഡിസ്ട്രിക്ടിലുള്ള എത്തനെ കട്ടിടങ്കളെ മാനേചർകളിൻ കൈയിൽ തിരുമ്പ ഒപ്പടൈക്ക വേണ്ടും?

ബി. അതർകുപ് പതിലാക പുതു കട്ടിടങ്കൾ കട്ടുവതർകു കവർമെന്റു തിട്ടം പോടപ്പട്ടിരുക്കിറതാ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഇത കെട്ടിടങ്ങൾ.

(ബി) ടി കെട്ടിടങ്ങൾ ൧൯൫ കൊല്ലത്തെ പാട്ടവ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇപ്പോൾ നാലുകൊല്ലം കഴിഞ്ഞതേയുള്ളൂ. അതിനാൽ പകരം പുതിയ കെട്ടിടങ്ങൾ കെട്ടുന്നകാര്യം തീരുമാനിച്ചിട്ടില്ല.

---

‡The questioner being absent, Sri. A. Chidambaranatha Nadar put the question.

‡‡The questioner being absent, Sri. K. K. Viswanathan put the question.

LIBRARY ARCHIVES Kerala Legislative Assembly